# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1123** — **02.05.2017 ൽ മറുപടിയ്ക്ക്**

## പഴം, പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) പഴം, പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; ഇത്തരം സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് 2017-18-ൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനായി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം, ജില്ലാ ക്ലസ്റ്റർ വികസനം, ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം, പുതിയ ബ്ലോക്ക് തല നഴ്സറികൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും, പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം, പച്ചക്കറി കൃഷിയ്ക്കു വേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം, 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ, കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം, മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം, ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെ വഴി 6 കോടി രൂപയുടെ |

താഴെപ്പറയുന്ന വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു.

- പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം മുഖേനയുള്ള ജൈവപച്ചക്കറി കൃഷി പ്രോത്സാഹനം.
- ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ വിതരണം ചെയ്യുക
- പച്ചക്കറി, വാഴ എന്നിവയ്ക്കുള്ള ഇൻഷൂറൻസ് പരിരക്ഷ സബ്സിഡി യോടുകൂടി നടപ്പിലാക്കുകയും പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന വിളനാശ ത്തിന് നഷ്ടപരിഹാരം നൽകുകയും ചെയ്യുക
- വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്നതിനായി 2% പലിശ സബ്സിഡി അനുവദിക്കുക
- പച്ചക്കറികൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക
- വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാ ഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതിയും, നഗരപ്രദേശങ്ങ ളിലെ വീടുകളിൽ 'ഹരിത നഗരി' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരള മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം പഴം, പച്ചക്കറി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്ന തിനായി വിളവിസ്തൃതി വ്യാപനം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മറയൂർ, ദേവികുളം എന്നീ മേഖലകളിൽ നല്ല കൃഷി മുറകൾ (ജി.എ.പി) അവലംബിച്ചുകൊണ്ടുള്ള ശീതകാല പച്ചക്കറികളുടെ കൃഷി വ്യാപന പദ്ധതിയും നടപ്പിലാക്കി വരുന്നു.

സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ആറു മൊത്ത വ്യാപാര വിപണികളിലും കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് ടി വിപണികളിൽ എത്തിച്ച് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായവില ലഭിക്കുന്നതിന് അവസരമുണ്ടാക്കുന്നു. ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകി വരുന്നു. കൂടാതെ ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി സംഭരിച്ച് ചില്ലറ വില്പന ശാലകൾ വഴി വില്പന നടത്തുകയും ചെയ്തു വരുന്നു. വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിലുള്ള 277 സ്വാശ്രയ കർഷക സമിതികൾ വഴി കച്ചവടക്കാരുടെ സാന്നിദ്ധ്യത്തിൽ ലേലം ചെയ്ത് പച്ചക്കറി വില്പന നടത്തുന്നതിലൂടെ ന്യായമായ വില കർഷകർക്ക് ലഭിക്കുന്നു. |
| ബി) | കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് പലിശ രഹിത വായ്പാ പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി പരിഗണനയിലുണ്ടോ; | ബി) | നിലവിൽ നെൽകൃഷിയ്ക്ക് മാത്രം നൽകിവരുന്ന പലിശ രഹിത വായ്പ പച്ചക്കറി കൃഷിയ്ക്കു കൂടി ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. വി.എഫ്.പി.സി.കെ കൗൺസിൽ അംഗങ്ങളായ കർഷകർക്ക് വായ്പാ സഹായം ലഭ്യമാക്കുന്നുണ്ട് കൃത്യമായി വായ്പ പുതുക്കുന്ന കർഷകർക്ക് 2% പലിശ സബ്സിഡി നൽകുന്നുണ്ട് |
| സി) | വി. എഫ്. പി. സി. കെ. യുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും സേവനങ്ങൾ വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | സി) | വി.എഫ്.പി.സി.കെ.യുടെ ലക്ഷ്യങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി പ്രവർത്തനം വിപുലീകരിക്കുന്നതിനും സേവനം വിപുലപ്പെടുത്തുന്നതിനു മുള്ള നടപടി കൾ സ്വീകരിച്ചുവരുന്നു |

S. [signature]

**സെക്ഷൻ ഓഫീസർ**